# ബ്ലേഡ് മാഫിയയുടെ വേരറുക്കുവാൻ ചെയ്യേണ്ടത്

കേരളത്തിലെ ജനങ്ങളെ ആത്മഹത്യയിലേക്കും കടക്കെണിയിലേക്കും തള്ളിവിട്ടുകൊണ്ട് വട്ടിപ്പലിശക്കാരും ബ്ലേഡ് മാഫിയകളും നടത്തുന്ന ചൂഷണം വ്യാപകമായി ചർച്ച ചെയ്യപ്പെടുന്ന അവസരമാണല്ലോ. അടിക്കടി കുടുംബങ്ങൾ ഒന്നായി ജീവനൊടുക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. ഈ സാഹചര്യത്തിലാണ് കേരള സർക്കാർ 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ ആഭ്യന്തരവകുപ്പിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. പതിനായിരക്കണക്കിന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒട്ടേറേ പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്. ഇത്രയൊക്കെയായിട്ടും കേരള സമൂഹത്തിൽ എത്രമാത്രം മാറ്റമുണ്ടാക്കാൻ കഴിഞ്ഞുവെന്ന് വിലയിരുത്തുന്നത് നല്ലതാണ്.

കേരളത്തിലെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നത് വാണിജ്യനികുതി വകുപ്പ് നൽകുന്ന കേരള മണിലെൻഡേഴ്സ് ആക്ട്, 1958 പ്രകാരമുള്ള ലൈസൻസ് ഉപയോഗിച്ചു ആണ്. ബഹുഭൂരിപക്ഷം സ്ഥാപനങ്ങളും കേവലം 5000 രൂപ ലൈസൻസിയാണ്. എന്നാൽ ആകെ 50 ലക്ഷത്തിൽ കൂടുതൽ കടം കൊടുക്കണമെങ്കിൽ 2 ലക്ഷം രൂപ ലൈസൻസ് ഫീസായി നൽകണം. ഇത്തരം സ്ഥാപനങ്ങൾ പൊതുജനങ്ങളിൽ നിന്നും പരമാവധി വാണിജ്യ ബാങ്കുകൾ വാങ്ങുന്ന പലിശയേക്കാൾ 2ശതമാനത്തിൽ അധികം വാർഷിക പലിശ ഈടാക്കാൻ പാടില്ല. (KMLA-Sn 7). നിക്ഷേപം സ്വീകരിക്കുന്നത് ബാങ്കിതര ധനകാര്യസ്ഥാപനങ്ങളുടെ പലിശ നിരക്കിൽ കൂടാൻ പാടില്ല. (NBFC direction 1977, RBI) ഈ നിർദ്ദേശങ്ങളും നിയമവ്യവസ്ഥയും ഉണ്ടായിരിക്കെ കേരളത്തിൽ നടമാടുന്ന സാമ്പത്തിക ചൂഷണത്തിലെ ഞെട്ടിപ്പിക്കുന്ന ചില വസ്തുതകൾ പരിശോധിക്കാം. രജിസ്റ്റർ ചെയ്യാത്ത പണമിടപാടു നടത്തുന്ന ലക്ഷകണക്കായ വ്യക്തികൾ നമ്മുടെ സമൂഹത്തിൽ യഥേഷ്ടം വിലസുന്നുണ്ട്. ഏറ്റവും കൂടുതൽ ചൂഷണം നടക്കുന്നത് മത്സ്യത്തൊഴിലാളി മേഖലയിലാണ്. അവിടെ രാവിലെ 90 രൂപ നൽകി വൈകിട്ട് 100 രൂപ തിരികെ വാങ്ങുകയാണ്. അതായത് പ്രതിദിനം രൂപ 90 ന് രൂപ 10 പലിശ. വാർഷിക പലിശ 4000 ശതമാനം! ഇതോടൊപ്പം 60 % വാർഷിക പലിശ വാങ്ങി ആധാരവും ചെക്കും വാങ്ങി പണമിടപാടു നടത്തുന്നവർ ധാരാളമുണ്ട്. നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ വരെ 36 ശതമാനം വാർഷിക പലിശ ഈടാക്കുകയാണ്. ഇതിന്റെയൊക്കെ ഫലമായി മത്സ്യത്തൊഴിലാളികളുടെ അദ്ധ്വാനം മുഴുവനും ഈ വട്ടിപ്പലിശക്കാർ കൊള്ളയടിക്കുന്നു. ഫലമോ ആ മേഖലയിലെ ദാരിദ്ര്യം വർദ്ധിച്ചുവരുന്നു. ഉപഭോക്തൃ സംസ്കാരത്തിന്റെ ഭാഗമായി കേരളജനത കടം വാങ്ങി നിൽക്കക്കള്ളിയില്ലാതെ ആത്മഹത്യ ചെയ്യുന്നു

**എന്താണ് പരിഹാരമാർഗ്ഗം**

സർക്കാരിന്റെ ഭാഗത്തു നിന്നും ആത്മാർത്ഥമായ ശ്രമം ഇക്കാര്യത്തിൽ ഉണ്ടാവണം. ആഭ്യന്തര വകുപ്പും ധനകാര്യവകുപ്പും സംയുക്തമായിട്ടാണ് ഓപ്പറേഷൻ നടത്തേ

ണ്ടത്. വാണിജ്യനികുതിവകുപ്പിന്റെ നേതൃത്വത്തിൽ കർശനമായ പരിശോധന എല്ലാ സ്വകാര്യപണമിടപാട് സ്ഥാപനങ്ങളിലും നടത്തണം **(KML A sn 9 D (2).** ക്രമക്കേട് കണ്ടെത്തിയിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളും അടച്ചു പൂട്ടണം. ഇത്തരം സ്ഥാപനങ്ങൾ ഈടാക്കാവുന്ന പരമാവധി പലിശ എല്ലാ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കാൻ നിർദ്ദേശം നൽകണം. അധിക പലിശ ഈടാക്കുന്നുവെങ്കിൽ പരാതിപ്പെടാൻ ഒരു ടോൾഫ്രീ നമ്പർ എല്ലാ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കണം.

വാണിജ്യനികുതി വകുപ്പിനെ സഹായിക്കാൻ ആഭ്യന്തരവകുപ്പ് എല്ലാ വിധ സഹകരണവും നൽകണം അനധികൃത പണമിടപാട് അവസാനിപ്പിക്കാനാവശ്യമായ വ്യാപകമായ ബോധവൽക്കരണം നടത്തണം. ഷെഡ്യൂൾ ബാങ്കുകൾ പ്രഖ്യാപിച്ച ഋണമുക്തി പദ്ധതി പോലെ സഹകരണബാങ്കുകളുടെയും കെ.എസ്.എഫ്.ഇ യുടെയും സഹകരണത്തോടെ ഒരു 'നിത്യസഹായ വായ്പ പദ്ധതി' രൂപീകരിക്കണം. ഇവ വായ്പക്കാരന്റെ സ്വന്തം ജാമ്യത്തിൽ നൽകണം. കൃത്യമായ തിരിച്ചടവ് പ്രോത്സാഹിപ്പിക്കാൻ പലിശയിളവുകളോ ഇൻസെന്റീവുകളോ നൽകണം. സ്വകാര്യ ബ്ലേഡുകളുടെ സാന്നിദ്ധ്യമില്ലാത്ത ഒരു കേരളം എന്നത് യാഥാർത്ഥ്യമാക്കണം

തോമസ് പണിക്കർ.ജി
ജന.സെക്രട്ടറി
കെ.എസ്.എഫ്.ഇ ഓഫീസേഴ്സ് യൂണിയൻ